പതിമൂന്നാം കേരള നിയമസഭ
11-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6730** — **10.07.2014-ൽ മറുപടിയ്ക്ക്**

## അന്ധതാ നിവാരണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. റ്റി. വി രാജേഷ് | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നേത്രപരിശോധകർ ഇല്ലാത്തതിനാൽ അന്ധതാനിവാരണ പ്രവർത്തനങ്ങൾ അവതാളത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നേത്ര പരിശോധകരുടെ കുറവ് മൂലം അന്ധതാനിവാരണ പ്രവർത്തനങ്ങൾക്ക് തടസം നേരിട്ടതായുള്ള പരാതികൾ ലഭിച്ചിട്ടില്ല. സംസ്ഥാനത്ത് നേത്രപരിശോധന വിഭാഗം നിലവിലുള്ള സി.എച്ച്.സികളിൽ ഭൂരിഭാഗത്തിലും നേത്രപരിശോധകരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഒപ്റ്റോമെടിസ്റ്റുകൾ ഇല്ലാത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒപ്റ്റോമെടിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | സ്കൂൾ കുട്ടികളിലെ നേത്ര വൈകല്യങ്ങൾ ആരംഭത്തിലേ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലെല്ലാം ഒപ്റ്റോമെടിസ്റ്റുകളുടെ സേവനം ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്തെ ഭൂരിഭാഗം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നിലവിൽ ഒപ്റ്റോമെടിസ്റ്റുകളുടെ സേവനം ലഭ്യമാണ്. |
| (ഡി) | കേരളത്തിലെ സഞ്ചരിക്കുന്ന കണ്ണാശുപത്രികളിൽ മതിയായ വാഹനം ലഭ്യമാണോ; സഞ്ചരിക്കുന്ന കൂടുതൽ കണ്ണാശുപത്രികൾ ആരംഭിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന കണ്ണാശുപത്രികൾ നിലവിലുണ്ട്. മൊബൈൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള വാഹനങ്ങളും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ